# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3794 26/06/2012 ൽ മറുപടിക്ക്

### ആറ്റിങ്ങലിൽ ഇന്റർനാഷണൽഫിലിം ഫെസ്റ്റിവൽ പ്രദർശനം

ചോദ്യം
ശ്രീ.ബി.സത്യൻ

ഉത്തരം
ശ്രീ. കെ.ബി. ഗണേഷ് കുമാർ
(ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| (എ) | മികച്ച സിനിമാ തിയേറ്ററുകൾ ഉള്ള ആറ്റിങ്ങലിൽ തിരുവനന്തപുരത്ത് നടത്തുന്ന ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിന്റെ പ്രദർശനം സംഘടിപ്പിക്കുന്നതിൽ എന്തെങ്കിലും നിയമതടസ്സം നിലനിൽക്കുന്നുണ്ടോ; | (എ) & (ബി) | ഇല്ല. എന്നാൽ ഫെസ്റ്റിവലിനായി പുറത്തുനിന്നും ലഭിക്കുന്ന ചലച്ചിത്ര പ്രദർശനങ്ങൾക്ക് നിയന്ത്രണമുണ്ട് .രണ്ടിലധികം പ്രദർശനങ്ങൾക്ക് സാധാരണ അനുമതി ലഭിക്കാറില്ല.10,000 ഓളം പ്രതിനിധികളുള്ള അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ നിന്നും കുറച്ച് ചിത്രങ്ങളുടെ പ്രദർശനം ഒരു ഷോയാക്കി പരിമിതപ്പെടുത്തുന്നത് പ്രായോഗികമല്ല .അതോടൊപ്പം പ്രതിനിധികളുടെ താത്പര്യങ്ങളെ ഹനിക്കുന്നതുമാണ്. ചലച്ചിത്ര പ്രദർശനം മാത്രമല്ല , സംവിധായകൻമാരുമായുള്ള ആശയവിനിമയത്തിലൂടെ മാത്രമേ ഇത്തരം പ്രദർശനങ്ങൾ അർത്ഥവത്താകൂ. രണ്ടിടങ്ങളിൽ ഇത്തരം പ്രദർശനങ്ങൾ നടത്തുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത തിയേറ്ററുകളിൽ ഫിലിം ഫെസ്റ്റിവൽ പ്രദർശനം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ